"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡി.എ 3/6/2020-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27/11/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ഗാർഹിക ഉപഭോക്താക്കളുടെ ഇടയിൽ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി ഏർത് ലീക്ക് സർക്യൂട്ട് ബ്രേക്കർ ( ELCB ) അടക്കമുള്ള സുരക്ഷാ ഉപകരണങ്ങളോടുകൂടി വീട്ടുവയറിംഗ് നടത്തുന്നതിന് - നിർദ്ദേശം നല്കുന്നത്-സംബന്ധിച്ച്.

സൂചന:- 1) സ.ഉ(സാധാ) 192/2020/തസ്വഭവ തീയതി 24.01.2020
2) 14.9.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി തീരുമാനം നം 4.30

ഗാർഹിക ഉപഭോക്താക്കളുടെ ഇടയിൽ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി, വൈദ്യുത സുരക്ഷാ ഉറപ്പ് വരുത്തുന്ന രീതിയിൽ വീട് വയറിംഗ് ചെയ്യാൻ സാമ്പത്തിക സ്ഥിതി അനുവദിക്കാത്ത, SC, ST, BPL വിഭാഗത്തിൽപ്പെട്ട, കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയും, മാസ ഉപഭോഗം 20 യൂണിറ്റിൽ താഴെയുമുള്ള കുടുംബത്തിന്, ശരിയായ രീതിയിൽ റീ വയറിങ് ചെയ്ത് , കുറഞ്ഞത് നാല് പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ ഏർത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ELCB) അടക്കം സുരക്ഷാ ഉപകരണങ്ങളോടുകൂടി, 12,287 രൂപ ചെലവ് വരുന്ന പദ്ധതി, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം

(1) പ്രകാരം അനുമതി നൽകിയിരുന്നു.

ഗാർഹിക ഉപഭോക്താക്കളുടെ ഇടയിൽ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി മേൽ പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കണമെന്നുള്ള വൈദ്യുതിവകുപ്പിന്റെ ശുപാർ ശപ്രകാരം സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം എസ്.സി, എസ്.റ്റി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരും 20 യൂണിറ്റ് വൈദ്യുതി ഉപയോഗത്തിൽ കുറവുള്ളവരുമായ ഉണഭോക്താക്കൾക്ക്, ശരിയായ രീതിയിൽ റീവയറിംഗ് ചെയ്ത് 4 പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ELCB) അടക്കമുള്ള വയറിംഗ് ചെയ്തു നൽകുന്ന പദ്ധതിക്ക് KSEB നിശ്ചയിച്ചിരിക്കുന്ന 12,287 രൂപ നിരക്കിൽ അനുവദനീയമായ വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. .

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ് :- നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K

Date: 27-11-2021 14:11:45

Reason: Approved

സെക്ഷൻ ഓഫീസർ.